File No.CRD/2659/2022-ESTT-B1

**ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം**
(ഹാജർ: ഡി. ബാലമുരളി ഐ.എ.എസ്.)
**സംഗ്രഹം**

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ. ധീരജ് മാത്യു - വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ: 2659/എസ്റ്റാ.ബി1/2022/സി.ആർ.ഡി., തീയതി:30/06/2022**

പരാമർശം:

1. ഈ ഓഫീസിലെ 23.09.2017-ലെ 13264/എസ്റ്റാ.ബി1/2017/സിആർഡി നമ്പർ കത്ത്
2. ഈ ഓഫീസിലെ 30.06.2020-ലെ 6705/എസ്റ്റാ.ബി1/2020/സിആർഡി നമ്പർ കത്ത്
3. ശ്രീ. ധീരജ് മാത്യു ജെ. ജെ. സമർപ്പിച്ച 18.06.2022-ലെ അപേക്ഷ
4. തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ് സെക്രട്ടറിയുടെ 17.06.2022-ലെ തസ്വഭവ-ഇ.യു.1/154/2022-തസ്വഭവ നമ്പർ കത്ത്
5. എൽ.എസ്.ജി.ഡി.(അർബൻ)ഡയറക്ടറേറ്റിൽ നിന്നുള്ള 22.06.2022-ലെ ഇ 2-5062/2022 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിതനായ ശ്രീ. ധീരജ് മാത്യു, മുനിസിപ്പൽ സെക്രട്ടറിയായി നിയമനം ലഭിച്ചതിനെ തുടർന്ന്, പരാമർശം (2) പ്രകാരം ഈ വകുപ്പിൽ നിന്നും വിടുതൽ നേടിയിരുന്നു. ടിയാൻ തിരികെ ഗ്രാമവികസന വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ആക്ഷേപമില്ലെന്ന് അറിയിച്ചുകൊണ്ടുള്ള സൂചന (4)-ലെ സർക്കാർ കത്ത് സൂചന (5) പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ടിയാനെ കേരള സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസ് ചട്ടം 8 പ്രകാരം ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും നിലവിൽ ഓപ്പൺ വേക്കൻസിയുള്ള അതിയന്നൂർ ബ്ലോക്കിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

**COMMISSIONER**

പകർപ്പ് :

File No.CRD/2659/2022-ESTT-B1

1. നഗരകാര്യ വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)

2. ജില്ലാ കളക്ടർ, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തൃശ്ശൂർ (ആമുഖകത്ത് സഹിതം)

4. പ്രോജക്ട് ഡയറക്ടർ, തിരുവനന്തപുരം

5. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തിരുവനന്തപുരം

6. ധീരജ് മാത്യു, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് – 3, കായംകുളം നഗരസഭ

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by
BALAMURALI DEVENDIRAN
Date: 2022.06.30 15:48:27 IST
Reason: Approved